## പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹയർ സെക്കൻഡറി വിഭാഗം) ജഗതി, തിരുവനന്തപുരം-695014.

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം – സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ **ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) മലയാളം** തസ്തികയിൽ 45600-95600/- രൂപ ശമ്പള സ്കെയിലിൽ എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ വിഭാഗത്തിൽ നിന്നുമുള്ള NJD ഒഴിവുകളിലേക്ക് തസ്തികമാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ. ADC5/251575/2022/DGE** **തീയതി :27-05-2025**

---

പരാമർശം:

1) 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001/പൊ.വി.വ നമ്പർ ഉത്തരവ്.
2) 01/12/2015 തീയതിയിലെ സ.ഉ.(കൈ) നം. 296/2015/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3) 26/08/2016 തീയതിയിലെ സ.ഉ. (പി) 144/2016/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
4) 30/01/2021 തീയതിയിലെ സ.ഉ. (അച്ചടി) നം. 2/2021/പൊ.വി.വ നമ്പർ ഉത്തരവ്.
5) 10/08/2022 തീയതിയിലെ എഡി ബി2/194881/2021/ഡി.ജി.ഇ നമ്പർ ഉത്തരവ്പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
6) 11/08/2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
7) 10/01/2023 തീയതിയിലെ എഡി ബി2/194881/2021/ഡി.ജി.ഇ നമ്പർ ഉത്തരവ്.
8) ഒ.എ (ഇ.കെ.എം) നം. 1792/2022 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 02/12/2022 തീയതിയിലെ വിധിന്യായം.
9) 22/02/2023 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

10) 01/07/2023 തീയതിയിലെ സ.ഉ. (പി) നം. 8/2023/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

11) 10/03/2025 തീയതിയിലെ സ.ഉ. (അച്ചടി) നം. 10/2025/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

12) ഒ. എ നം. 1824/2024 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/04/2025 തീയതിയിലെ വിധിന്യായം.

13) ഒ എ നം.857/2024 നമ്പർ കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻ്റെ 26/03/2025 തീയതിയിലെ വിധിന്യായം

## ഉത്തരവ്

പരാമർശം (1) ലെ കേരള ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഓരോ വിഷയത്തിലേയും ഹയർ സെക്കൻഡറി ജൂനിയർ തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് 01/01/2016 മുതൽ ഉണ്ടാകുന്ന തസ്തികമാറ്റ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുന്നതിനും, എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്ക് 01/01/2016 മുതൽ മാറ്റി വച്ചിരുന്ന തസ്തികമാറ്റ ഒഴിവുകളിലേക്ക് എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:5:5 എന്നിങ്ങനെ സബ് ക്വാട്ട അനുവദിച്ചും സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക താൽപ്പര്യങ്ങൾ കണക്കിലെടുത്ത് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിൽ നിന്നും തസ്തികമാറ്റ നിയനങ്ങൾക്കായി 01/01/2016 മുതൽ

28/12/2020 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പൂർത്തിയാക്കണമെന്ന് പരാമർശം (4) ൽ സർക്കാർ ഉത്തരവായിരുന്നു.

2. പരാമർശം (4) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) പ്രകാരം തയ്യാറാക്കിയ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കൻഡറി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർ സെക്കൻഡറി വിഭാഗം) എന്നീ വിഭാഗങ്ങൾക്ക് **ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) മലയാളം** തസ്തികയിൽ 01/01/2016 മുതൽ 28/12/2020 വരെയുള്ള വർഷാടിസ്ഥാനത്തിലുള്ള ഒഴിവുകളിലേക്ക് 70:20:5:5 എന്ന അനുപാതത്തിൽ പരാമർശം (3) ഉത്തരവിലെ റൊട്ടേഷൻ ചാർട്ട് പ്രകാരം പരാമർശം (6) പ്രകാരം നിയമന ഉത്തരവ് നൽകിയിരുന്നു. മേൽ പ്രകാരം നൽകിയ തസ്തികമാറ്റ നിയമനങ്ങളിൽ എച്ച്.എസ്.എ. വിഭാഗത്തിൽ നിന്നും ഉണ്ടായിട്ടുള്ള NJD ഒഴിവുകൾ നികത്തണമെന്ന ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (8) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.എ. വിഭാഗത്തിൽ നിന്നും ഉണ്ടായിട്ടുള്ള NJD ഒഴിവുകളിൽ പരാമർശം (9) പ്രകാരം നിയമനം നൽകിയിരുന്നു.

3. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കുള്ള 29/12/2020 മുതൽ ഉള്ള തസ്തികമാറ്റ നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നികത്തുന്നതിനും, 01/01/2016 മുതൽ 28/12/2020 വരെയുള്ള ഒഴിവുകളിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നടത്തിയ നിയമനങ്ങൾ സാധൂകരിച്ചും നിലവിലെ ചട്ടം ഭേദഗതി ചെയ്തു പരാമർശം (10) പ്രകാരം ഉത്തരവായിരുന്നു. ആയതിനാൽ 11/08/2022 തീയതിയിലെ നിയമന ഉത്തരവ് പ്രകാരമുള്ള എച്ച്.എസ്.എ ഒഴികെയുള്ള മറ്റു വിഭാഗങ്ങളിലെ NJD ഒഴിവുകളും 22/02/2023 തീയതിയിലെ നിയമന ഉത്തരവ് പ്രകാരമുള്ള എച്ച്.എസ്.എ വിഭാഗത്തിലെ NJD ഒഴിവുകളും നികത്തിയിട്ടില്ലായിരുന്നു.

4. എന്നാൽ ചട്ടം ഭേദഗതി പ്രകാരം നിയമനങ്ങൾ നടത്തുന്നതിന്

തടസങ്ങൾ ഉണ്ട് എന്ന് പി.എസ്.സി സർക്കാരിനെ അറിയിക്കുകയും, പി.എസ്.സി നിർദേശിച്ചത് പ്രകാരമുള്ള ഭേദഗതി ചട്ടത്തിൽ വരുത്തുന്നത് വരെ **28/12/2020** വരെ നടത്തിയ തസ്തിക മാറ്റ നിയമനങ്ങളിലെ എൻ.ജെ.ഡി ഒഴിവുകളും അതിനു തുടർച്ചയായി സീനിയോരിറ്റി അടിസ്ഥാനമാക്കി **28/12/2020** നു ശേഷമുള്ള എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തിക മാറ്റ നിയമനങ്ങളും അടിയന്തിരമായി പൂർത്തിയാക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി പരാമർശം **(11)** പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ ഒ.എ. **1824/2024** നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം **(12)** ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ **6** ആഴ്ചക്കുള്ളിൽ യു.പി.എസ്.എ/എൽ.പി.എസ്.എ വിഭാഗത്തിൽ നിന്നുള്ള **NJD** ഒഴിവുകൾ നികത്തുവാനും ഉത്തരവായിട്ടുണ്ട്.

**5.** മേൽ സാഹചര്യത്തിൽ പരാമർശം **(11)** ലെ സർക്കാർ ഉത്തരവിന്റെയും പരാമർശം **(12)** ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിന്റെയും അടിസ്ഥാനത്തിലും **ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) മലയാളം തസ്തികയില് എച്ച്.എസ്.എ. വിഭാഗത്തില് പരാമര്ശം (9) ലെ നിയമന ഉത്തരവ് പ്രകാരം ഉണ്ടായിട്ടുള്ള NJD ഒഴിവുകളിലും, യു.പി.എസ്.എ/എല്.പി.എസ്.എ വിഭാഗത്തിൽ പരാമര്ശം (6) ലെ നിയമന ഉത്തരവ് പ്രകാരം ഉണ്ടായിട്ടുള്ള NJD ഒഴിവുകളിലും** നിയമനം നൽകുന്നതിലേയ്ക്കായി പരാമര്ശം **(5), (7)** പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ **Sl No. 10 to 12** ഉൾപെട്ടിട്ടുള്ള അധ്യാപകർക്ക് എച്ച്.എം തസ്തികയിൽ പ്രൊമോഷൻ ലഭ്യമായതിനാൽ ടി.അധ്യാപകരെ സീനിയോറിറ്റി ലിസിറ്റിൽ നിന്നും ഒഴിവാക്കി തൊട്ടടുത്തുള്ള ആൾക്ക് സീനിയോറിറ്റി പുനക്രമീകരിച്ചിരിക്കുന്നു. മേൽ പ്രകാരം സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അധ്യാപകർക്ക് അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിലേക്ക് തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

| **ക്രമ നമ്** | **സീനി യോറി റ്റി ലി** | **പേര്,ജനന തീ** | **നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ/** | **വിഭാ** | **നിയമനം നൽകു** |
|---|---|---|---|---|---|

| പർ | സ്റ്റിലെ ക്രമ നമ്പർ | യതി, പെൻ | ഓഫീസ് | ഗം | ന്ന സ്കൂൾ |
|---|---|---|---|---|---|
| **2017 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 1 | 59 | **SREEJA K S**<br>16/05/1975<br>PEN -309828 | GHSS KONNI<br>PATHANAMTHITTA<br>(21055) | HSA | GOVT VHSS,<br>VATTANAD<br>(09155) |
| **2019 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 2 | 60 | **BIJU B**<br>**15-05-1971**<br>PEN -252778 | GOVT. HSS<br>ANCHAL<br>WEST(<br>40001) | HSA | GOVT VHSS,<br>KOPPAM<br>(09154) |
| 3 | 61 | **ASHADEV M V**<br>**25/05/1977** | GOVT. VHSS<br>KADUTHURUTHY<br>(45021) | HSA | GOVT. VHSS,<br>MULLERIYA,<br>KASARGODE<br>(14045) |
| 4 | 63 | **RAJITHAN M V**<br>**05/06/1975**<br>**PEN-309359** | GOVT. VHSS FOR<br>BOYS<br>KUNNAMKULAM<br>(908014) | HSA | GOVT. HSS,<br>BELLERU,<br>KASARGODE<br>(14046) |
| 5 | 64 | **NASIR K C**<br>**15/02/1972**<br>**PEN -245235** | GOVT. VHSS<br>SPORTS<br>KANNUR<br>(13005) | HSA | GOVT. HSS,<br>PADLA,<br>KASARGODE<br>(14047) |
| 6 | | **CHANDRA K** | GOVT. GIRLS HSS,<br>NEMMARA, | | GOVT. HSS,<br>ANGADIMUGAR, |

| | | | | | |
|---|---|---|---|---|---|
| | 65 | 17/05/1973<br>PEN -241744 | PALAKKAD<br>(21026) | HSA | KASARGODE<br>(14051) |
| 7 | 67 | SURESH.T<br>31/03/1973<br>PEN -285658 | GOVT. FISHERIES HSS KUZHITHURA(41020) | HSA | GOVT. HSS, ALAMPADY, CHENGALA, KASARGODE (14057) |
| 8 | 68 | NOORJAHAN V P<br>25/05/1980<br>PEN -278194 | AVSGHSS KARIVALLUR KANNUR (13105) | HSA | GOVT. HSS, ADHOOR, KARADUKKA PANCHAYATH, KASARGODE (14058) |
| 9 | 69 | JAYESH V<br>25/04/1975<br>PEN -252437 | GOVT.HSS CHELORA KANNUR (13054) | HSA | GOVT. HSS, BEKKOOR, KASARGODE (14063) |
| 10 | 70 | PRESANNAKUMAR R<br>29/05/1975<br>PEN -308663 | GOVT HSS KONNI (38038) | HSA | GOVT. HSS, MANGALPADY, KASARGODE (14069) |
| 11 | 71 | AMBIKA K<br>24/05/1978<br>PEN -251179 | GVHSS KARADKA KASARGODE (11044) | HSA | GHSS, PANDI, KASARGODE (14101) |

| | | | | | |
|---|---|---|---|---|---|
| 12 | 72 | **BIJUMON. K.S 01/01/1974 PEN -345890** | ON DEPUTATION | HSA | GOVT HSS , PERIKKALLOOR, WAYANAD (12038) |
| 13 | 73 | **ANEESUDHEEN AHAMED. V 06/06/1978 PEN -250655** | GHSS TIRURANGADI (19008) | HSA | GOVT HSS , NIRAVARAM, WAYANAD (12041) |
| 14 | 74 | **GIREESH K 01/04/1979 PEN -365687** | GHSS IRIMBILIYAM (19066) | HSA | GOVT HSS, THARUVANA (12063) |
| 15 | 75 | **SANTHOSH M K 31/01/1973 PEN -388131** | GOVT. ITE PANAMARAM WAYANAD (15707) | HSA | KELAPPAN MEMORIAL GOVT. VHSS, THAVANNOOR, MALAPPURAM (11165) |
| 16 | 13 | ASHAMOLY J 30/05/1974 PEN - 166145 | GOVT TOWN UPS ATTINGAL (42344) | LPST /UPST | GHSS CHULLIKODE (11139) |
| | | **SITHARA S M** | GOVT. LPS | LPST | PUTHUR TRIBAL GOVT. HSS, PUTHU |

| | | | | | |
|---|---|---|---|---|---|
| 17 | 14 | **25/11/1972**<br>**PEN -591998** | **MANGAD**<br>**(43209)** | **/UPS**<br>**T** | **R,**<br>**PALAKKAD**<br>**(09085)** |
| 18 | 15 | **PREETHA K L**<br>**31/05/1977**<br>**PEN -593301** | **GOVT. LPS**<br>**MADAVOOR**<br>**(42407)** | **LPST**<br>**/UPS**<br>**T** | **GOVT. HSS,**<br>**THUVOOR,**<br>**MALAPPURAM**<br>**(11147)** |
| 19 | 16 | **SWAPNA R**<br>**31/05/1977**<br>**PEN -592221** | **GHSS**<br>**NEDUVELI**<br>**(43015)** | **LPST**<br>**/UPS**<br>**T** | **GOVT. HSS,**<br>**ERANHIMANGAD,**<br>**MALAPPURAM**<br>**(11151)** |
| **2020 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 20 | 17 | **SANDHYA RANI**<br>**L**<br>**30/05/1973**<br>**PEN-593255** | **GOVT. UPS**<br>**KATTAYIKKONAM(**<br>**43452)** | **LPST**<br>**/UPS**<br>**T** | **GOVT HSS,**<br>**PONMUNDAM**<br>**NORTH**<br>**(11238)** |

**6.** നിയമനം ലഭിച്ച അധ്യാപകർ വിദ്യാഭ്യാസ യോഗ്യത (**equivalence** ഉൾപ്പെടെ) തെളിയ്ക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 7 (ഏഴ്) ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള, ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതുമാണ്. **അടുത്ത പൊതുസ്ഥലംമാറ്റത്തിലോ/ അഡ്ജസ്റ്റ്മെന്റ് സ്ഥലംമാറ്റത്തിലോ/ കോടതി/സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അധ്യാപകരെ ടി. സ്കൂളിൽ നിയമിക്കുന്നപക്ഷം നിയമനം ലഭിച്ചിച്ചുള്ള ടി. അധ്യാപകരെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.** ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന അധ്യാപകർ

ഇവരുടെ നിയമനം '**conditional status**' എന്ന് ഈ വകുപ്പിന്റെ വെബ് സൈറ്റായ **dhsetransfer.kerala.gov.in** ൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി. അധ്യാപകർ ക്ക് **ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, സ്കൂൾമാറ്റം** എന്നിവ അനുവദിക്കുന്നതല്ല.

**<u>ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പാൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണ്ടേതാണ്.</u>**

- അധ്യാപകരെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് പരിശോധിക്കേണ്ടതാണ്.
- അധ്യാപകരെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം അതാത് വിഷയത്തിന്റെ ഇ-മെയിൽ ഐ.ഡി യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, പ്രസ്തുത വിവരം വകുപ്പിന്റെ വെബ് സൈറ്റിൽ അതേ ദിവസം തന്നെ അപ്ലോഡ് ചെയ്യേണ്ടതും ആയതിന്റെ പ്രിന്റ് ഔട്ട് സാക്ഷ്യപ്പെടുത്തി ഒരാഴ്ചയ്ക്കകം ഹയർ സെക്കൻഡറി വിദ്യാഭ്യാസ വിഭാഗത്തിൽ അയച്ചു തരേണ്ടതുമാണ്.
- അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അധ്യാപകർ/ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ **പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കൻഡറി വിഭാഗം, ജഗതി തിരുവനന്തപുരം** എന്ന വിലാസത്തിൽ രജിസ്ട്രേർഡ് തപാലിൽ ആമുഖ കത്ത് സഹിതം സമർപ്പിക്കേണ്ടതാണ്.
- ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും അധ്യാപകരെ/ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

**7.** എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നിയമനം ലഭിച്ച അധ്യാപകർ/ജീവനക്കാർ ടി. തസ്തികയിൽ തുടരാൻ യോഗ്യരല്ലായെന്ന് തുടർ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി അധ്യാപകരെ/ജീവനക്കാരെ അവരുടെ പഴയ ലാവണത്തിലേക്ക് റിവേർട്ട് ചെയ്യുന്നതാണ്.

**8.** സ്പെഷ്യൽ റൂൾസ് പ്രകാരം ബി.എഡ് യോഗ്യത **exemption** ഉള്ള അധ്യാപകർ സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായി ബി.എഡ് യോഗ്യത നേടേണ്ടതാണ്.

**9.** മേൽപ്പറഞ്ഞ പ്രകാരം പരാമർശം **(12),(13)** ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

Signed by
Shanavas S
Date: 27-05-2025 14:37:45
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :

1. ബന്ധപ്പെട്ട അധ്യാപകർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ,ഡി.ഇ.ഒ/എച്ച്.എം
3. സിഎ ടു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. ബന്ധപ്പെട്ട ട്രഷറി ഓഫീസർ